"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ് - കോഴിക്കോട് നഗരസഭയുടെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ.ബി)വകുപ്പ്

സ.ഉ.(സാധാ) നം.2129/2025/LSGD തീയതി,തിരുവനന്തപുരം, 27-08-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19-08-2023-ലെ LSGD/PD/45167/2023-AM3 നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ23/03/2025-ലെ DKSA/813/M.L.3/2025 നമ്പർ കത്ത്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭ കൗൺസിലിന്റെ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച ചിത്ര പ്രദർശനവും, ബുക്ക് ലെറ്റ് പ്രസിദ്ധീകരണത്തിനുമായി തനതു ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ചെലവഴിക്കുന്നതിനു 20.07.2010-ലെ സ.ഉ(എം.സ്)നം.2360/2010/ത.സ്വ.ഭ.വ ഉത്തരവിലൂടെ സർക്കാർ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ചെലവിനായി 5 ലക്ഷം രൂപ ക്ലാർക്കായ ശ്രീ. സുരേഷ് കുമാറിന് കൗൺസിൽ തീരുമാനമനുസരിച്ച് മുൻകൂർ നൽകിയിരുന്നുവെന്നും എന്നാൽ 8 വർഷവും 8 മാസത്തിനു ശേഷം മാത്രമാണ് ചെലവഴിച്ച തുകയുടെ കണക്കുകൾ ബിൽ സഹിതം സമർപ്പിച്ചതെന്നും, മുൻകൂർ തുക യഥാസമയം അഡ്ജസ്റ്റ് ചെയ്യാതിരുന്നതിന് 04.10.2011-ലെ സ.ഉ(പി)419/2011/ധന പ്രകാരമുള്ള പലിശ ഈടാക്കാതെ അഡ്ജസ്റ്റ് ചെയ്യാൻ 15.09.2019-ലെ കൗൺസിൽ തീരുമാനം നമ്പർ (124) പ്രകാരം തീരുമാനിച്ച്, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ,അക്കൗണ്ട്സ് ഓഫീസർ, അഡിഷണൽ സെക്രട്ടറി എന്നിവർ ധനകാര്യ സ്ഥിരം സമിതിയുടെയും അംഗീകാരത്തോടെ പ്രസ്തുത തുക അഡ്ജസ്റ്റ് ചെയ്തുവെന്നുമാണ് ഓഡിറ്റ് കണ്ടെത്തിയിരുന്നത്. ആയത് സർക്കാർ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായതിനാനാലാണ് മേൽ സൂചിപ്പിച്ച പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളത്.

2) ഓഫീസ് ജോലിത്തിരക്കുകൾ കാരണമാണ് മുൻകൂർ തുക അഡ്ജസ്റ്റ് ചെയ്യാൻ വിട്ടുപോയതെന്ന വിശദീകരണം അംഗീകരിക്കാൻ സാധിക്കില്ലെന്നും ആയതിനാൽ പലിശ ഇനത്തിൽ ലഭ്യമാക്കേണ്ട തുക എത്രയെന്നു കണക്കാക്കി ശ്രീ . സുരേഷ്കുമാറിൽ നിന്നോ അല്ലാത്തപക്ഷം കൗൺസിൽ സെക്ഷൻ ക്ലാർക്ക്, കൗൺസിൽ സൂപ്രണ്ട്, കൗൺസിൽ സെക്രട്ടറി, അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ, അഡിഷണൽ സെക്രട്ടറി, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കണമെന്നായിരുന്നു ഓഡിറ്റ് പരാമർശം.

3) മേൽ ഓഡിറ്റ് പരാമർശം 18.02.2022 ലെ കോർപ്പറേഷൻ കൗൺസിൽ ചർച്ച ചെയ്യുകയും, മുൻകൂർ എടുത്ത 5 ലക്ഷം രൂപയും ശ്രീ. സുരേഷ് കുമാർ സർക്കാർ ഉത്തരവിൻ പ്രകാരമുള്ള നിശ്ചിത സമയത്ത് തന്നെ ചെലവാക്കിയിട്ടുണ്ടെന്നും,കൗൺസിൽ നിർദ്ദേശിച്ച കാര്യങ്ങളിൽ യഥാസമയം തന്നെ ലക്ഷ്യം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും സാങ്കേതികമായി അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കുന്നതിന് വന്ന കാലതാമസം മാത്രമാണ് സംഭവിച്ചതെന്നും, ഭാവിയിൽ ഉണ്ടാകുന്ന ബാധ്യതകൾക്ക് വിരമിക്കുന്ന ജീവനക്കാർ സമർപ്പിക്കാൻ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ബോണ്ട് സമർപ്പിച്ചിട്ടുള്ളതിനാലും ധനവകുപ്പിന്റെ 02.11.2011-ലെ സർക്കുലർ നമ്പർ 77/11 പ്രകാരം 30.04.2019 ൽ വിരമിച്ചിട്ടുള്ള ടിയാന് തടഞ്ഞു വച്ച DCRG അനുവദിച്ച് നൽകാൻ 22 - നമ്പർ കൗൺസിൽ യോഗം തീരുമാനിക്കുകയും അനുവദിക്കുകയും ചെയ്തിരുന്നു. മുൻകൂറായി കൈപ്പറ്റിയ തുക യഥാ സമയം ചെലവഴിച്ച് ലക്ഷ്യം കൈവരിച്ചതിനാലും ഈ കാര്യത്തിൽ കോർപ്പറേഷന് സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാലുമാണ്, അഡ്ജസ്റ്റ്മെന്റ് ബിൽ യഥാസമയം സമർപ്പിക്കാത്ത പരാമർശത്തിന്മേൽ' ഓഡിറ്റ് തടസ്സവാദം ഒഴിവാക്കണമെന്ന നഗരസഭ കൗൺസിൽ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടി ഓഡിറ്റ് തടസ്സത്തിന് സർക്കാർ സാധൂകരണം നൽകണമെന്ന് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്

4) ശ്രീ.വി.സുരേഷ്കുമാർ അഡ്വാൻസ് കൈപ്പറ്റി മൂന്നു മാസത്തിനുള്ളിൽ തന്നെ തുക ചെലവഴിച്ച് ബന്ധപ്പെട്ടവരിൽ നിന്നും വൗച്ചറുകൾ ഒപ്പിട്ടു വാങ്ങി ഫയലിൽ സൂക്ഷിച്ചിരുന്നുവെന്നും അഡ്വാൻസ് വിനിയോഗിച്ച പദ്ധതികളെല്ലാം യഥാസമയം ലക്ഷ്യം പൂർത്തീകരിച്ചിട്ടുള്ളതാണെന്നും അഡ്ജസ്റ്റ്മെന്റ് ബിൽ യഥാസമയം സമർപ്പിക്കുന്നതിലാണ് കാലതാമസം ഉണ്ടായതെന്നും കോഴിക്കോട് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതിനാൽ നഗരസഭ സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന മുന്നറിയിപ്പോടെ 2018-19 ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3.13 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും സംസ്ഥാന ഓഡിറ്റ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വസ്തുതകളുടേയുംകോഴിക്കോട് മുനിസിപ്പൽ കൗൺസിലിന്റെ 18.02.2022-ലെ 22 - നമ്പർ അനുകൂല തീരുമാനം, തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ അനുകൂല ശിപാർശകൾ എന്നിവ പരിഗണിച്ച് ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ കോഴിക്കോട് നഗരസഭയുടെ 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരമുള്ള പരാമർശത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
GANGA G R
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി,കോഴിക്കോട് നഗരസഭ

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )
സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB1/81/2023-LSGD )

ഉത്തരവിൻ പ്രകാരം

Signed by
Jyothish M S
സെക്ഷൻ ഓഫീസർ
Date: 27-08-2025 15:11:08